**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചിറങ്ങരയിൽ ശബരിമല ഇടത്താവളനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിലെ ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | ചിറങ്ങരയിലെ ശബരിമല ഇടത്താവളത്തിന്റെ സ്ട്രക്ചറൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. തടിപ്പണി, ടൈംലിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, റൂഫിംഗ്, പെയിന്റിംഗ്, അഗ്നിശമന സംവിധാനം, റോഡ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. |
| (ബി) | പ്രവൃത്തിയുടെ മെല്ലപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്.<br><br>ശബരിമല ഇടത്താവളം പദ്ധതിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതി പൂർത്തീകരണം വേഗത്തിലാക്കുന്നതിനുമായി സർക്കാർ തലത്തിൽ നിരവധി യോഗങ്ങൾ ചേരുകയും SPV, PMC എന്നിവയ്ക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 14/08/2024-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും തുടർന്ന് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.09.2024, 09.10.2024, 04.12.2025, 14.02.2024, 09.03.2025, 23.03.2025, 06.06.2025 തീയതികളിലും അവലോകന യോഗങ്ങൾ ചേർന്ന് നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. കിഫ്ബിയുടെ നേതൃത്വത്തിലും നിരവധി അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (സി) | പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. 2025 ഒക്ടോബർ 15-ാം തീയതിയോടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി പദ്ധതിയുടെ പി.എം.സി. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ